(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഡോക്ടർ ഇല്ലാത്തതുകാരണം പ്രസ്തുത ആശുപത്രിയിലെ ചർമ്മരോഗ വിഭാഗം ഒ.പി. അടച്ചിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ ചുവടെ ചേർക്കുന്നു :

കൺസൾട്ടന്റ് (മെഡിസിൻ)	... 1
കൺസൾട്ടന്റ് (ഡെർമറ്റോളജി)	... 1
കൺസൾട്ടന്റ് (അനസ്തേഷ്യ)	... 1
കൺസൾട്ടന്റ് (പീഡിയാട്രിക്സ്)	... 2
കൺസൾട്ടന്റ് (ഇ.എൻ.റ്റി.)	... 2
ഡെപ്യൂട്ടി സൂപ്രണ്ട്	... 1

(ബി&സി) കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ചർമ്മരോഗ വിഭാഗത്തിൽ ഒരു കൺസൾട്ടന്റിന്റേയും ഒരു ജൂനിയർ കൺസൾട്ടന്റിന്റേയും തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ കൺസൾട്ടന്റ് തസ്തിക റിട്ടയർമെന്റിനെ തുടർന്ന് 1-4-2015 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. ജൂനിയർ കൺസൾട്ടന്റ് ഡോ. രേണുക ഡെങ്കിപ്പനിയെത്തുടർന്ന് 19 ദിവസത്തോളം (12-6-2015 മുതൽ 30-6-2015 വരെ) അവധിയിലായിരുന്നു. പ്രസ്തുത കാലയളവിൽ ചർമ്മരോഗ വിഭാഗം ഒ.പി. പ്രവർത്തിച്ചിരുന്നില്ല. ഡോക്ടർ ജോലിയിൽ പ്രവേശിച്ചതിനെതുടർന്ന് ചർമ്മരോഗ വിഭാഗം ഒ.പി. പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഒഴിവുള്ള കൺസൾട്ടന്റ് തസ്തിക നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

പൊതുജനാരോഗ്യ ശൃംഖലയിലെ പ്രവർത്തനങ്ങൾ

57 (4860) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുജനാരോഗ്യ ശൃംഖലയിൽ പുതുതായി എത്ര ആശുപത്രികൾ അനുവദിച്ചു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ സ്ഥാപനങ്ങളിൽ പുതുതായി എത്ര തസ്തികകൾ അനുവദിച്ചു; മെഡിക്കൽ കോളേജ്, സി. എച്ച്. സി., പി. എച്ച്. സി., ആയുർവേദ, ഹോമിയോ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുജനാരോഗ്യ മേഖലയിലെ എത്ര ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഡി) അപ്ഗ്രേഡ് ചെയ്ത ആശുപത്രികൾക്ക് മാത്രമായി എത്ര പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട് ; തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ)	ആരോഗ്യ വകുപ്പ്	- 41
	മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്	- 3
	ഭാരതീയ ചികിത്സാവകുപ്പ്	- 77
	ഹോമിയോ വകുപ്പ്	- 113

വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി)	മെഡിക്കൽകോളേജ്	-978
	കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ	-49
	പ്രാഥമികാരോഗ്യകേന്ദ്രം	- 197
	ഭാരതീയ ചികിത്സാവകുപ്പ്	- 308
	ഹോമിയോ വകുപ്പ്	- 431
(സി)	ആരോഗ്യ വകുപ്പ്	- 24
	മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്	- 5
	ഭാരതീയ ചികിത്സാവകുപ്പ്	- 10
	ഹോമിയോ വകുപ്പ്	- 1

വിശദാംശം അനുബന്ധം IIആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആരോഗ്യവകുപ്പ് - 307

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - 978

ഭാരതീയ ചികിത്സാവകുപ്പ് - 89

ഹോമിയോ വകുപ്പ് - 2

വിശദാംശം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

പേപ്പട്ടിയുടെ കടി, പാമ്പുകടി എന്നിവയ്ക്ക് സൗജന്യ കുത്തിവയ്പ്

58 (4861) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ പേപ്പട്ടിയുടെകടി, പാമ്പുകടി എന്നിവ ഏൽക്കുമ്പോൾ നൽകേണ്ട കുത്തിവയ്പ് എ.പി.എൽ.-ബി.പി.എൽ. ഭേദമന്യേ എല്ലാ രോഗികൾക്കും സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

സർക്കാർ ആശുപത്രികളിൽ വിതരണംചെയ്യുന്ന എല്ലാ മരുന്നുകളും എ.പി.എൽ./ബി.പി.എൽ. ഭേദമന്യേ എല്ലാ രോഗികൾക്കും സൗജന്യമായാണ് നൽകിവരുന്നത്.

ഭക്ഷ്യസുരക്ഷാവകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധന

59 (4862) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാവകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) സാമ്പിളുകൾ പരിശോധിക്കുന്നതിന് സർക്കാർ അക്രഡിറ്റേഷനുള്ള സംവിധാനം നിലവിലുണ്ടോ ; വിശദമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly